## കേരള സർവകലാശാല

നം. പി.ആർ.133/2018 ഫോൺ : 2305738

### പത്രക്കുറിപ്പ്

### കരിയർ റിലേറ്റഡ് സി.ബി.സി.എസ് രണ്ടാം സെമസ്റ്റർ ബി.എസ്.സി പരീക്ഷാഫലം

2017 ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ് രണ്ടാം സെമസ്റ്റർ ബി.എസ്.സി. ഫിസിക്സ് ആന്റ് കംപ്യൂട്ടർ അപ്ലിക്കേഷൻ (2016 അഡ്മിഷൻ– റെഗുലർ, 2015 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2013 & 2014 അഡ്മിഷൻ– സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കും അപേക്ഷിക്കാനുള്ള അവസാന തീയതി ജൂലൈ– 6.

### സി.ബി.സി.എസ്. 5–ാം സെമസ്റ്റർ–കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

2018–19 കാലയളവിൽ സി.ബി.സി.എസ് കോഴ്സുകളിൽ 4–ാം സെമസ്റ്റർ പരീക്ഷ രജിസ്റ്റർ ചെയ്തിട്ടുള്ള റെഗുലർ വിദ്ധ്യാർത്ഥികൾക്ക് കോളേജ് മാറ്റത്തിനപേക്ഷിക്കാവുന്നതാണ്. സർവകലാശാലയുടെ കീഴിലുള്ള ഒരേവിഭാഗത്തിൽപ്പെടുന്നതും ഒരേ ഫീസടക്കുന്നതുമായ കോളേജുകൾ തമ്മിൽ മാത്രമേ മാറ്റം അനുവദിക്കുകയുള്ളു.

പൂരിപ്പിച്ച അപേക്ഷകൾ പഠിക്കുന്ന കോളേജിലേയും ചേരാനുദ്ദേശിക്കുന്ന കോളേജിലേയും പ്രിൻസിപ്പാൾമാരുടെ ശിപാർശയോടുകൂടി, 1000 രൂപ ഫീസടച്ച് ജൂലൈ 12 ന് മുമ്പായി രജിസ്ട്രാറുടെ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അടിസ്ഥാന യോഗ്യതയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ് അപേക്ഷയോടോപ്പം സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്നവർ 1500/– രൂപ അധികം അടക്കേണ്ടതാണ്.

അന്തർ സർവകലാശാലാ മാറ്റത്തിനായി സിലബസ് മാതൃസർവകലാശാലാ രജിസ്ട്രാറിന്റെ അംഗീകാരത്തോടുകൂടി അപേക്ഷയൊടോപ്പം സമർപ്പിക്കേണ്ടതാണ്. ഫീസ് 2000/–(രണ്ടായിരം) രൂപയാണ്. നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പി. എച്ച്. ഡി. നൽകി

ശ്രീമതി. ജീന ജോൺ (കെമിസ്ട്രി), ശ്രീമതി. ജയലക്ഷ്മി (ബോട്ടണി), ശ്രീമതി. ആൽഫി റോസ് ജയിംസ്, ശ്രീമതി. മല്ലിക വി., ശ്രീമതി.പ്രവി വിദ്യാധരൻ (ബയോടെക്നോളജി), ശ്രീമതി.ദൃശ്യ ജി വി.(ഫ്യൂച്ചർസ് സ്റ്റഡീസ്). ഡോ. സുജാത എസ് (മെഡിസിൻ) ശ്രീ. ജിജു വർഗീസ് ജേക്കബ് (ഇംഗ്ലീഷ്) ശ്രീ. ആസിഫ് ഇ. (ലോ), സാബു ആർ. എൽ, മിനി ബി. നായർ (മാനേജ്മെന്റ് സ്റ്റഡീസ്), ഷിബിനു എസ് (ഇക്കണോമിക്സ്) ശ്രീ. ജിജി കുര്യൻ, ശ്രീമതി.ദിവ്യ.എസ്. ആർ (ഫിസിക്കൽ എഡ്യൂക്കേഷൻ))എന്നിവർക്ക് പി. എച്ച്. ഡി. നൽകി.

## ബി. എ. എം. എസ്. പരീക്ഷാഫലം

2018 ഏപ്രിലിൽ നടത്തിയ രണ്ടാം വർഷ ബി. എ. എം. എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കും അപേക്ഷിക്കാനുള്ള അവസാന തീയതി ജൂൺ– 30.

## യു.ജി.സി.–നെറ്റ്/ജെ. ആർ. എഫ്. പരീക്ഷാ പരിശീലന ക്ലാസ്

യൂണിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ യു.ജി.സി.–നെറ്റ്/ജെ. ആർ. എഫ്. പരീക്ഷകളുടെ ജനറൽ പേപ്പറിന് ജൂൺ 20– ാം തീയതി മുതൽ പരിശീലനം നൽകുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് പരിശീലനം നൽകുന്നത്. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ യൂനിവേഴ്സിറ്റി എംപ്ളോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ, സ്റ്റുഡൻസ് സെന്റർ, പി. എം.ജി.ജംഗ്ഷൻ, തിരുവനന്തപുരം, ഫോൺ– 0471–2304577 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

## ബി. ആർക്ക് പരീക്ഷ വിജ്ഞാപനം

2018 ജൂലൈ– യിൽ ആരംഭിക്കുന്ന പത്താം സെമസ്റ്റർ ബി. ആർക്ക് (2013 സ്കീം) റെഗുലർ പരീക്ഷയുടെ വിജ്ഞാപനം വെബ്സൈറ്റിൽ ലഭ്യമാണ്.

## ഏഴാം സെമസ്റ്റർ ബി.ടെക് പാർട്ട്ടൈം റീസ്ട്രക്ചേർഡ് (2013 സ്കീം) പരീക്ഷാഫലം

2017 നവംബർ മാസത്തിൽ നടന്ന ഏഴാം സെമസ്റ്റർ ബി.ടെക് പാർട്ട്ടൈം റീസ്ട്രക്ചേർഡ് (2013 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ.

## ഏഴാം സെമസ്റ്റർ ബി.ടെക്. പരീക്ഷാഫലം

2017 നവംബർ മാസത്തിൽ നടന്ന ഏഴാം സെമസ്റ്റർ ബി.ടെക് (റഗുലർ, സപ്ലിമെന്ററി,സെഷനൽ ഇംപ്രൂവ്മെന്റ്) പരീക്ഷാഫലം വെബ്സൈറ്റിൽ ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനക്കും ഓൺലൈനായി മാത്രം അപേക്ഷിക്കുക. അവസാന തിയതി ജൂലൈ 05. കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

### ഒന്നാം വർഷ ബിരുദ പ്രവേശനം 2018

### കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം–മെറിറ്റ് റാങ്ക് ലിസ്റ്റ് –14.06.2018–ന്

വിവിധ എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ മെറിറ്റ് റാങ്ക് ലിസ്റ്റ് 14.06.2018–ന് ബന്ധപ്പെട്ട കോളേജിൽ പ്രസിദ്ധപ്പെടുത്തും.

പരാതിയുള്ളവർ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിന് 20.06.2018–നകം രേഖാമൂലം പരാതി നൽകണം. പരാതികൾ പരിഗണിച്ച ശേഷം അന്തിമ പട്ടിക 22.06.2018–ന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. കൂടുതൽ വിവരങ്ങൾക്ക് അതത്കോളേജ് പ്രിൻസിപ്പലുമായി ബന്ധപ്പെടുക.

ഓരോ വിഷയത്തിനും കമ്മ്യൂണിറ്റി ക്വാട്ടയിൽ അനുവദിക്കപ്പെട്ട സീറ്റുകളുടെ എണ്ണം റാങ്ക് പട്ടികയോടൊപ്പം പ്രസിദ്ധപ്പെടുത്തുവാൻ കോളേജുകൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. ആയത്

വിദ്യാർത്ഥികൾക്ക് പരിശോധിക്കാവുന്നതാണ്. കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം 30.06.2018-ന് വിവിധ കോളേജുകളിൽ നടക്കും.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018

## **സ്പോർട്സ് ക്വാട്ട പ്രവേശനം- റാങ്ക് ലിസ്റ്റ്** ജൂൺ 14-ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് ജൂൺ 14-ന് ബന്ധപ്പെട്ട കോളേജിൽ പ്രസിദ്ധപ്പെടുത്തും.

പരാതിയുള്ളവർ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പലിന് ജൂൺ 21-നകം രേഖാമൂലം പരാതി നൽകണം. പരാതികൾ പരിഗണിച്ച ശേഷം അന്തിമ പട്ടിക ജൂൺ 22-ന് കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. സർവകലാശാലയുടെ പരിശോധനയ്ക്കും അംഗീകാരത്തിനും ശേഷം ജൂൺ 30-ന് കോളേജുതലത്തിൽ പ്രവേശനം നടക്കും

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## രണ്ടാം സെമസ്റ്റർ യു.ജി അസൈൻമെന്റ്

**വിദൂര വിദ്യാഭ്യാസ വിഭാഗം രണ്ടാം സെമസ്റ്റർ യുജിസി അസൈൻമെന്റ് ജൂൺ 19-ന് ബി.കോം ഫിനാൻസ് 10 മുതൽ 4 മണി വരെയും 20 ന് ബി.കോം കോ-ഓപറേഷൻ രാവിലെ 10 മുതൽ 1 മണി വരെയും ബി.കോം കംപ്യൂട്ടർ അപ്ലിക്കേഷൻ 1.30 മുതൽ 4 മണി വരെയും, ബി.എസ്.സി മാത്തമാറ്റിക്സ് 1.30 മുതൽ 4 മണി വരെയും ജൂൺ 21-ന് ബി.എ ഇംഗ്ലീഷ് 10 മുതൽ 1 മണി വരെയും, ബി.എ എക്ണോമിക്സ്, മലയാളം, പൊളിറ്റിക്കൽ സയൻസ് എന്നിവ 1.30 മുതൽ 4 മണി വരെയും ജൂൺ 22-ന് ബി.എ സോഷ്യോളജി 10 മുതൽ 1 മണി വരെയും, ഹിസ്റ്ററി, ബി.സി.എ/ബി.എസ്.സി. കംപ്യൂട്ടർ സയൻസ് എന്നിവ 1.30 മുതൽ 4 മണി വരെയും സ്വീകരിക്കും.**

**ഒന്നാം സെമസ്റ്റർ യു.ജി. അസൈൻമെന്റ് സമർപ്പിക്കാൻ സാധിക്കാത്തവർക്ക് മേൽ പറഞ്ഞ തീയതികളിൽ സമർപ്പിക്കാവുന്നതാണ്. ഇതേ ദിവസങ്ങളിൽ പഠനസാമഗ്രികൾ (എസ്. എൽ. എം) കൈപ്പറ്റാവുന്നതാണ്.**

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2018

## ഒന്നാം ഘട്ട അലോട്ട്മെന്റ്

കേരള സർവകലാശാലയുടെ 2018-19 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാനമ്പറും പാസ്വേർഡും ഉപയോഗിച്ച് ലോഗ് ഇൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ സർവകലാശാല ഫീസ് ഓൺലൈനായോ, ചെലാൻ പ്രിന്റ് ഔട്ട് എടുത്ത് എസ്.ബി.ഐ. യുടെ ഏതെങ്കിലും ശാഖയിലോ ഒടുക്കേണ്ടതാണ്. സർവകലാശാല ഫീസ് ജനറൽ വിഭാഗത്തിന് 1525 രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 840 രൂപയുമാണ്. ഓൺലൈനായി ഫീസ് ഒടുക്കുന്നവർ ഫീസ് ഒടുക്കിയ ശേഷം ലഭ്യമാകുന്ന വിവരങ്ങൾ അടങ്ങിയ പേജിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. ചെലാൻ മുഖേന സർവകലാശാല ഫീസ് ഒടുക്കുന്ന അപേക്ഷകർ ഫീസ് അടച്ചതിനു ശേഷം ജൂൺ 18 വൈകുന്നേരം 5 മണിയ്ക്കകം അഡ്മിഷൻ വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്ത് ഫീസ് ഒടുക്കിയതിന്റെ വിവരം (ജേർണൽ നമ്പർ) നൽകി തങ്ങളുടെ അലോട്ട്മെന്റ് ഉറപ്പാക്കേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ സർവകലാശാല ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ അടുത്ത അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിൽ പോലും

തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതിനായി സർവകലാശാല ഫീസ് മേൽപ്പറഞ്ഞ രീതിയിൽ അടയ്ക്കേണ്ടതാണ്. ഒന്ന്, രണ്ട്, മൂന്ന് ഘട്ടം അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രം കോളേജുകളിൽ ഹാജരായാൽ മതി. തങ്ങൾക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ സർവകലാശാല ഫീസ് മേൽപ്പറഞ്ഞ രീതിയിൽ ഒടുക്കി അലോട്ട്മെന്റ് ഉറപ്പാക്കിയ ശേഷം ആവശ്യമെങ്കിൽ അവരുടെ ഹയർ ഓപ്ഷനുകൾ ജൂൺ 18 വൈകുന്നേരം 5 മണി വരെ നീക്കം ചെയ്യാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന അപേക്ഷകരെ അടുത്ത അലോട്ട്മെന്റിൽ ആ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കുന്നതും ഇങ്ങനെയുള്ളവർ പുതിയ അലോട്ട്മെന്റിൽ ലഭിക്കുന്ന സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

<u>പ്രത്യേക കുറിപ്പ്</u>: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>പുതിയ സിൻഡിക്കേറ്റിലേക്ക് നാമനിർദ്ദേശം ചെയ്തു.</u>

**കേരളസർവകലാശാലയുടെ ഭരണനിർവഹണത്തിനായി 13 അംഗസമിതിയെ സർക്കാർ നാമനിർദ്ദേശം ചെയ്തു. ഡോ. എസ്. നസീബ് (കേരളസർവകലാശാല) ഡോ. പി. രാജേഷ്കുമാർ(ഗവ.കോളേജ്) ഡോ. ബി. ഉണ്ണികൃഷ്ണൻ നായർ ഡോ. കെ. ബി. മനോജ് (പ്രിൻസിപ്പാൾ), എം. ശ്രീകുമാർ. ഡോ. കെ. ആർ കവിത(എയിഡഡ് കോളേജ്) എം ഹരികൃഷ്ണൻ (വിദ്യാർത്ഥി), അഡ്വ.കെ. എച്ച്. ബാബുജൻ, ഷിജു ഖാൻ.ജെ. എസ്, ഡോ.കെ ഷാജി, അഡ്വ. ജി. സുഗുണൻ, ഡോ. ആർ. ലതാദേവി, എം ലെനിൻലാൽ (വിദ്യാഭ്യാസരംഗം) എന്നിവരെയാണ് നാമനിർദ്ദേശം ചെയ്തത്.**

തിരുവനന്തപുരം.
13.06.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098